ഉത്തരം

(എ) ദിവസ വേതനക്കാരായ ഡ്രൈവർമാരുടെ വേതനത്തിൽ നേരിയ വർദ്ധന 9-6-99 മുതൽ വരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സർക്കാർ വകുപ്പുകളിലെ ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിക്കുന്നത് വൈദ്യുതിബോർഡിൽ ബാധകമാക്കിയിട്ടില്ല. വൈദ്യുതി ബോർഡിൽ 1-7-98 മുതലുള്ള ശമ്പളപരിഷ്കരണം നടപ്പിലാക്കുമ്പോൾ ദിവസവേതനപരിഷ്കരണവും പരിഗണിക്കുന്നതാണ്.

158 (2536) വൈദ്യുതി ബോർഡിലെ മസ്ദൂർ നിയമനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ മസ്ദൂർ ആയി നിയമനം ലഭിച്ച ആരെങ്കിലും വർക്കിംഗ് അറേഞ്ചുമെന്റിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്നുണ്ടോ;

(ബി) എങ്കിൽ ആരൊക്കെയാണെന്ന് പേരും ജോലിചെയ്യുന്ന സ്ഥലവും സഹിതം വ്യക്തമാക്കുമോ;

(സി) ഇങ്ങനെയുള്ള നിയമവിരുദ്ധമായ വർക്കിംഗ് അറേഞ്ചുമെന്റ് നിയമനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുപോലെയുള്ള നിയമവിരുദ്ധമായ വർക്കിംഗ് അറേഞ്ചുമെൻറ് നിയമനങ്ങൾ കേരള പി.എസ്.സി.യുടെ ഇപ്പോൾ നിലവിലുള്ള ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികളുടെ നിയമന സാധ്യതയെ പ്രതികൂലമായി ബാധിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിൻമേൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി),(സി),(ഡി)&(ഇ) പ്രസക്തമല്ല.

159 (2537) കാഷ്യർ തസ്തിക

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ കാഷ്യർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും 1999 മേയ് 31 വരെ എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പി.എസ്.സി.യെ അറിയിച്ചിട്ടുള്ള പ്രസ്തുത ഒഴിവുകൾ എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാഷ്യർ തസ്തിക അനുവദിക്കാനുള്ള മാനദണ്ഡം എന്താണ്;

(ഇ) ഈ മാനദണ്ഡം ഏത് വർഷം മുതലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(എഫ്) ഉപഭോക്താക്കളുടെ വർദ്ധനവനുസരിച്ച് ഈ മാനദണ്ഡം പുന:പരിശോധിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1159 പേരെ നിയമിച്ചിട്ടുണ്ട്.

(സി) നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കാലാകാലങ്ങളിൽ തൊഴിലാളികളുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥകളാണ് മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ പുതിയ ഓഫീസുകൾ തുടങ്ങുമ്പോൾ അനുവദിക്കുന്ന തസ്തികയനുസരിച്ച് കാഷ്യർമാരെ നിയമിക്കും.

(ഇ) നിലവിലുള്ള കരാർ B.O.No. 1818/95 PS(Sd)2747/93 dt.11.9.95

അനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(എഫ്) നിലവിലുള്ള കരാറിലെ വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കുമ്പോൾ ഇവയും ചർച്ച ചെയ്യപ്പെടും.

160 (2538) വൈദ്യുതി ബോർഡിന്റെ ഇൻവാലിഡ് പെൻഷൻ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ ഇൻവാലിഡ് പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇൻവാലിഡ് പെൻഷൻ ലഭിക്കുന്ന ആളിന്റെ ആശ്രിതന് വൈദ്യുതി ബോർഡ് ജോലി നൽകുന്നുണ്ടോ;

(സി) ഇൻവാലിഡ് പെൻഷന് അർഹതയുള്ളവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമ്പ്രദായം സംസ്ഥാന സർക്കാരിന്റെ മറ്റ് ഏതെങ്കിലും വകുപ്പിൽ നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ വൈദ്യുതി ബോർഡിൽ മാത്രം ഈ സംവിധാനം നിലവിൽ വന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) അർഹതയില്ലാത്ത പലരും ഈ ആനുകൂല്യം പ്രയോജനപ്പെടുത്തി പെൻഷൻ വാങ്ങുകയും മക്കൾക്ക് ജോലി നേടിക്കൊടുക്കുകയും ചെയ്ത് ഈ സംവിധാനം വ്യാപകമായി ദുരുപയോഗപ്പെടുത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിനുമേൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബോർഡിലെ ഏതെങ്കിലും ജീവനക്കാരൻ ശാരീരികമായോ, മാനസികമായോ ആയ അസുഖംമൂലം ബോർഡിൽ തുടർന്നുള്ള സേവനത്തിന് യോഗ്യനല്ല എന്ന് മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇൻവാലിഡ് പെൻഷൻ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly